നമ്പർ: E4-535/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 06.02.2018.

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് - സമാന തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റം - നിബന്ധനകൾ അറിയിക്കുന്നത് സംബന്ധിച്ച് -

സൂചന: സ.ഉ(കൈ) നം.1/2018/ഉ.ഭ.പ.വ തീയതി: 27.1.2018.

സൂചന പ്രകാരം ഒരു വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് സമാന തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് ജോലിയിൽ പ്രവേശിച്ച തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം മാത്രമേ അർഹതയുണ്ടായിരിക്കു എന്ന് സർക്കാർ ഉത്തരവായിരിക്കുന്നു. കൂടാതെ ടി ജീവനക്കാരെ തസ്തികമാറ്റത്തിലൂടെ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയറായി കണക്കാക്കുകയും ചെയ്യുന്നതാണ്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ വാച്ച്മാൻ / വാച്ച് വുമൺ തസ്തികയിലെ ജീവനക്കാർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച ഉത്തരവിന്റെ കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിക്കേണ്ടതാണ്. ഇതിനോടകം സമർപ്പിച്ചിട്ടുള്ള ജീവനക്കാർ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കാര്യാലയ മേധാവി മുഖാന്തിരം ഈ കാര്യാലയത്തിലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്.

ഈ പരിപത്രം കാര്യാലയ മേധാവികൾ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും (കാര്യാലയ മേധാവി മുഖേന)
എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.
സൂപ്രണ്ട്, ഐ.റ്റി. സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

*db@*